# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2351** **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കർഷക സമിതികളുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>**ശ്രീ. എം.ഉമ്മർ** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | കൃഷിഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്, കൃഷിഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന പഞ്ചായത്ത് തല (കൃഷിഭവൻ തലം) കാർഷിക വികസന സമിതികൾ മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരുന്നു. പഞ്ചായത്ത് തലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും ചർച്ചകളും നടത്തുന്നു. പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിനും അതാത് പ്രദേശത്തിന്റെ വികസനത്തിനുതകുന്ന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനും സഹായിക്കുന്നു. കൃഷിഭവൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ഗുണഭോക്താക്കളെ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് എന്നിവയിൽ കൃഷിഭവനെ സഹായിക്കുന്നു. |
| ബി) | കാർഷിക മേഖലയിൽ പ്രസ്തുത സമിതിക്ക് ഗുണപരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ കഴിയുന്നതെന്ന് അറിയിക്കാമോ; | ബി) | കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശികമായ പ്രശ്നപരിഹാരങ്ങളിലും ഇത്തരം സമിതിയ്ക്ക് ഗുണപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നു. ഒരു പ്രദേശത്തിന്റെ കൃഷിയുടെ പ്രശ്നങ്ങൾ, കർഷകരുടെ പ്രശ്നങ്ങൾ ഇവയെല്ലാം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഈ സമിതിയ്ക്ക് കഴിയുന്നുണ്ട് |
| സി) | ഇത്തരം സമിതികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രതിനിധികൾ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | സി) | ഇത്തരം സമിതികളിലെ പ്രതിനിധികൾ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്ന് യോഗത്തിൽ കൂടുതൽ പങ്കെടുക്കാത്ത അംഗങ്ങളെ സമിതിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഉണ്ടെങ്കിൽ സമിതിയുടെ ഘടനയിൽ കാതലായ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) | സമിതിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**